INDIAN SCHOOL AL WADI AL KABIR

| CLASS: VIII | DEPARTMENT: MALAYALAM | DATE : 09/10/2021 |
|---|---|---|
| Class Note | Lesson: സംസ്കൃതസന്ധി | Topic: Descriptive |

# സംസ്കൃതസന്ധി

*1. സവർണ്ണദീർഘസന്ധി*

ഹ്രസ്വമോ ദീർഘമോ ആയ സ്വരാക്ഷരങ്ങൾ അടുത്തടുത്ത് വന്നാൽ അവ ദീർഘാക്ഷരമാകും. (അ + അ, ഇ + ഇ, ഉ + ഉ)

ഉദാ: പരമാധികാരം = പരമ + അധികാരം

ഹിമാലയം = ഹിമ + ആലയം

കോടീശ്വരൻ = കോടി + ഈശ്വരൻ

രവീന്ദ്രൻ = രവി + ഇന്ദ്രൻ

ഗുരൂപദേശം = ഗുരു + ഉപദേശം

*2. ഗുണസന്ധി*

'അ' എന്ന അക്ഷരത്തിന് ശേഷം 'ഇ'കാരം വന്നാൽ അവ 'ഏ' എന്നും 'ഉ'കാരം വന്നാൽ 'ഓ' എന്നും 'ഋ' വന്നാൽ 'ആർ' എന്നും ആയി മാറും.

ഉദാ: പരമേശ്വരൻ = പരമ + ഈശ്വരൻ

ദേവേന്ദ്രൻ = ദേവ + ഇന്ദ്രൻ

പരോപകാരം = പര + ഉപകാരം

വസന്തോത്സവം = വസന്ത + ഉത്സവം

മഹർഷി = മഹാ + ഋഷി

സപ്തർഷി = സപ്ത + ഋഷി

*3. വൃദ്ധിസന്ധി*

അകാരത്തിനു ശേഷം 'എ', 'ഐ' ഇവ വന്നാൽ 'ഐ' ആദേശമായും 'ഓ', 'ഔ' എന്നിവ വന്നാൽ 'ഔ' ആദേശമായും വരും.

ഉദാ: ലോകൈകം = ലോക + ഏകം

ദേവൈശ്വര്യം = ദേവ + ഐശ്വര്യം

ആസനൗഘം = ആസന + ഓഘം

ദിവ്യൗഷധം = ദിവ്യ + ഔഷധം

*4. യൺസന്ധി*

ഇ, ഉ എന്നിവയ്ക്കു ശേഷം സ്വരം വന്നാൽ യഥാക്രമം യ്, വ് എന്നീ അക്ഷരങ്ങൾ ആദേശമായി വരും. ഇവ ചിഹ്നരൂപത്തിലാവും കാണപ്പെടുക.

ഉദാ: പ്രത്യേകം = പ്രതി + ഏകം

ഗത്യന്തരം = ഗതി + അന്തരം

അന്വർത്ഥം = അനു + അർത്ഥം

സ്വാഗതം = സു + ആഗതം

*5. വിസർഗ്ഗസന്ധി*

വിസർഗ്ഗത്തിനു ശേഷം 'ച' എന്ന അക്ഷരം വന്നാൽ വിസർഗ്ഗം 'ശ' ആയും 'ത' വന്നാൽ വിസർഗ്ഗം 'സ' ആയും മാറും.

ഉദാ: നിശ്ചേഷ്ടം = നിഃ + ചേഷ്ടം

മനസ്താപം = മനഃ + താപം

വിസർഗ്ഗത്തിനു ശേഷം വരുന്ന 'ശ', 'സ' എന്നീ അക്ഷരങ്ങൾ വിസർഗ്ഗം മാറി ഇരട്ടിക്കും.

ഉദാ: മനശ്ശോഭ = മനഃ + ശോഭ

മനസ്സാക്ഷി = മനഃ + സാക്ഷി

'ഇ', 'ഉ' എന്നിവയോട് ചേർന്നുവരുന്ന വിസർഗ്ഗത്തിനു ശേഷം സ്വരമോ ഘോഷ വ്യഞ്ജനമോ വന്നാൽ വിസർഗ്ഗം 'ര', 'റ', 'ഷ' ഇവയിൽ ഒന്നാകും.

ഉദാ: നിരാധാരം = നിഃ + ആധാരം

ദുർഗതി = ദുഃ + ഗതി

ദുഷ്കൃത്യം = ദുഃ + കൃത്യം

***